
കവർസ്റ്റോറി



# ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുൻഗണനകൾ മാറണം

ഡോ. നജാത്തുല്ല സിദ്ദീഖി

ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇന്ന് പുനരാലോചനയുടെ വഴിയിലാണ്. പ്രസ്ഥാനങ്ങൾക്ക് അവയുടെ രൂപവത്കരണ കാലത്തെ ഘടനയും നയപരിപാടികളുമായി മുന്നോട്ടു പോകാനാവില്ലെന്ന തികഞ്ഞ ബോധ്യം അവയെ നയിക്കുന്ന ചിന്തകർക്കും നേതാക്കൾക്കുമുണ്ട്. ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി പുതിയ കാലത്ത് സ്വീകരിക്കേണ്ട നയനിലപാടുകളെക്കുറിച്ച് സംസാരിക്കുകയാണ് അതിന്റെ മുതിർന്ന നേതാക്കളായ ഡോ. നജാത്തുല്ലാ സിദ്ദീഖിയും ഡോ. അബ്ദുൽ ഹഖ് അൻസാരിയും. ജമാഅത്തെ ഇസ്‌ലാമി രൂപവത്കരണത്തിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് *ദഅ്‌വത്ത്* ഉർദു ത്രൈദിനം പുറത്തിറക്കിയ വിശേഷാൽ പതിപ്പിൽ (2009)നിന്നെടുത്തതാണ് അഭിമുഖങ്ങൾ.

ഒരു പ്രസ്ഥാനം എന്നെന്നും നിലനിൽക്കുമെന്ന് കരുതുന്നത് മൗഢ്യമാണ്. പ്രസ്ഥാനം നിലനിന്നു കാണാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിച്ചേ തീരൂ. അതിനെ അഭിമുഖീകരിക്കുന്നില്ലെങ്കിൽ മറ്റാരെങ്കിലും അത് ചെയ്യുകയും ആളുകൾ അങ്ങോട്ട് തിരിയുകയും ചെയ്യും.

■ **ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നേതാവെന്ന നിലയിൽ പുതിയ ലോകത്തെ എങ്ങനെ നോക്കിക്കാണുന്നു?**

വ്യക്തിപരമായ കൂടിക്കാഴ്ചയിലൂടെയും വായനയിലൂടെയും രൂപപ്പെട്ട എന്റെ കാഴ്ചപ്പാട്, നാമൊക്കെ മനസ്സിലാക്കുന്നതിൽ നിന്ന് എത്രയോ വ്യത്യസ്തമാണ് പുതിയ ലോകം എന്നുള്ളതാണ്. 1950 ൽ പതിനെട്ടാമത്തെ വയസ്സിലാണ് ഞാൻ ജമാഅത്തെ ഇസ്‌ലാമിയിൽ അംഗമാകുന്നത്. അപ്പോഴേക്കും ഞാൻ അതിന്റെ എല്ലാ സാഹിത്യങ്ങളും വായിച്ച് കഴിഞ്ഞിരുന്നു. ഇന്ന് അതേ പ്രായത്തിലുള്ള ഒരു കുട്ടിയുടെ ചിന്താരീതി അന്ന് ഞങ്ങൾക്കുണ്ടായിരുന്നതിൽ നിന്ന് തീർത്തും വ്യത്യസ്തമാണ്. ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമിയിൽ ഉള്ളത് പ്രായത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ മൂന്ന് തരക്കാരാണ്. ഒന്ന് ഞങ്ങളെപ്പോലുള്ള എഴുപത് വയസ്സ് കഴിഞ്ഞവർ. രണ്ടാമത്തേത് ഇരുപത്തഞ്ച് വയസ്സിൽ താഴെയുള്ളവർ. അവരുമായി നമുക്ക് ബന്ധം വളരെ കുറവാണ്. ഈ രണ്ടിനുമിടയിലാണ് നാൽപതിനും അമ്പതിനുമിടയിൽ പ്രായമുള്ളവർ. ഈ മൂന്ന് കൂട്ടരുടെയും വീക്ഷണം ഒന്നാവുക അസാധ്യമാണ്. അതിനാൽ നമ്മുടെ ശ്രദ്ധ ഈ ഇരുപത്തഞ്ച് വയസ്സിൽ താഴെയുള്ള യുവാക്കളിലായിരിക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ അവരാണ് നാളെ നമ്മുടെ സ്ഥാനം ഏറ്റെടുക്കേണ്ടവർ. കൂടാതെ നമ്മുടെയൊക്കെ മനോഘടന രൂപപ്പെട്ടിട്ട് അറുപത് വർഷത്തിലധികമായി. നമ്മുടെ മുൻഗണനകളും തീരുമാനിക്കപ്പെട്ട് കഴിഞ്ഞു. അതിന്റെ വെളിച്ചത്തിലുള്ള സാഹിത്യങ്ങളും പരിപാടികളുമാണ് നമ്മുടേത്. ഏറക്കുറെ അതെല്ലാം തന്നെയാണ് ഇപ്പോഴും നടക്കുന്നത്. അതിന്റെ പരിമിതികളാണ് നാം അനുഭവിക്കുന്നത്.

■ **ജമാഅത്തെ ഇസ്‌ലാമിയുടെ സമ്മേളനങ്ങളിലാകട്ടെ മറ്റു പരിപാടികളിലാകട്ടെ യുവാക്കളുടെ എണ്ണം കുറഞ്ഞു വരുന്നതായി പൊതുവായൊരു തോന്നലുണ്ട്. പഴയ മുഖങ്ങൾ തന്നെയാണ് എവിടെയും. അതിന് കാരണമായി പറയപ്പെടുന്നത് ജമാഅത്തിനിപ്പോൾ വിദ്യാർഥി പ്രസ്ഥാനമുള്ളതാണ്. ഈ അവസ്ഥയെ മറികടക്കാൻ താങ്കളുടെ അഭിപ്രായത്തിൽ എന്താണ് ചെയ്യേണ്ടത്?**

സ്വാഭാവികമാണത്. ഒരു പ്രസ്ഥാനം തുടക്കത്തിൽ വിദ്യാർഥികളിലും യുവാക്കളിലും എത്രമാത്രം ആവേശം ജനിപ്പിക്കുന്നുവോ അതേ ആവേശം അമ്പത് വർഷങ്ങൾക്ക് ശേഷവും പ്രതീക്ഷിക്കുന്നതിൽ അർഥമില്ല. പ്രസ്ഥാനങ്ങൾ ആരംഭിക്കുമ്പോൾ ആളുകളെ ആകർഷിക്കുന്ന ഒരു സങ്കൽപം മാത്രമാണ് മുന്നോട്ട് വെക്കുന്നത്. അതിന്റെ ബന്ധമാകട്ടെ അതിന്റെ പരിസരത്തോടായിരിക്കുകയും ചെയ്യും. കുറെ മുന്നോട്ടു പോവുകയും ഏതാനും വ്യക്തികളിൽ നിന്ന് സന്ദേശം ലക്ഷങ്ങളിൽ എത്തുകയും ചെയ്യുമ്പോൾ അതിന് സംഘടന അനിവാര്യമായി മാറുന്നു. നേരത്തെ അതുണ്ടായിരുന്നില്ല. അപ്പോൾ കേന്ദ്രം ആവശ്യമായി വരുകയും ബജറ്റുണ്ടാകുകയും പത്രങ്ങൾ പ്രസിദ്ധീകരിക്കപ്പെടുകയും വലിയ വലിയ സമ്മേളനങ്ങൾ സംഘടിപ്പിക്കപ്പെടുകയും ചെയ്യുന്നു. തുടക്കത്തിൽ എല്ലാ ഊന്നലുകളും ഒരു സങ്കൽപത്തിലും ആശയത്തിലുമായിരുന്നു. അതിനെക്കുറിച്ചുയർന്നു വരുന്ന ചോദ്യങ്ങൾക്കും സംശയങ്ങൾക്കും ഉത്തരം നൽകുന്നതിലായിരുന്നു ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കപ്പെട്ടിരുന്നത്. സംഘടിച്ച ആളുകളെ ഉറപ്പിച്ച് നിർത്തലും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കലും വലിയൊരു പ്രവർത്തനമാണ്. ഏതൊരു പ്രസ്ഥാനവും ഒടുവിൽ സംഘടനയായിത്തീരും. അതിൽ ഉൽകണ്ഠപ്പെടേണ്ട കാര്യമൊന്നുമില്ല. ജമാഅത്തെ ഇസ്‌ലാമിക്കും അതിന്റെ വിദ്യാർഥി സംഘടനക്കുമെല്ലാം ഇത് ബാധകമാണ്. വിദ്യാർഥി സംഘടന ഒരു സമാന്തര സംഘടനയല്ല. മറിച്ച് അവരെ സംബന്ധിച്ചേടത്തോളം ജമാഅത്ത് ഒരു രക്ഷാകർതൃ ബോഡിയാണ്.

■ **പ്രാസ്ഥാനികത നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നതായിട്ടാണോ അതോ അതിൽ കുറവ് വന്നുകൊണ്ടിരിക്കുന്നതായിട്ടാണോ താങ്കൾക്ക് തോന്നുന്നത്?**

ഏതൊരു പ്രസ്ഥാനവും രൂപമെടുക്കുന്നത് അതത് കാലഘട്ടത്തിന്റെ സവിശേഷമായ പരിസരത്തു നിന്നും അവസ്ഥയിൽ നിന്നുമാണ്. ആ പരിസരം ഇല്ലാതാവുകയും അവസ്ഥ നിലനിൽക്കാതിരിക്കുകയും ചെയ്താൽ ആ പ്രസ്ഥാനവും നിലനിൽക്കുകയില്ല. എന്നാൽ പുതിയ കാലത്തിന്റെയും സാഹചര്യത്തിന്റെയും താൽപര്യങ്ങൾ പൂർത്തീകരിക്കാൻ കഴിയും വിധം മാറ്റങ്ങളും പുതിയ ശാഖകളും ഉണ്ടാവുകയാണെങ്കിൽ പ്രസ്ഥാനം വീണ്ടും ചലനാത്മകമാകും. പുതിയ പ്രവർത്തനങ്ങളില്ലാതിരിക്കുകയും ജനിക്കുമ്പോൾ ഏതൊരു രൂപത്തിലായിരുന്നോ അതേ രൂപത്തിൽ മാറ്റമില്ലാതെ തുടരുകയുമാണെങ്കിൽ സംഘടനയായിത്തീർന്ന പ്രസ്ഥാനത്തിന്റെ മരണം ഉറപ്പാണ്. നിങ്ങൾ നോക്കൂ, ഇസ്‌ലാം പതിനാലിലേറെ നൂറ്റാണ്ടുകളായി ബലിഷ്ഠമായ ഒരു വൃക്ഷത്തെ പോലെയാണ്. അതിൽ വിവിധ സന്ദർഭങ്ങളിലായി എത്രയോ പ്രസ്ഥാനങ്ങൾ ഉയർന്നുവരുകയും അവയുടെ കടമ നിർവഹിച്ചതിനു ശേഷം ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇസ്‌ലാം നിലനിൽക്കുകയാണ്. പുതിയ സാഹചര്യത്തിൽ പുതിയ പ്രസ്ഥാനങ്ങൾ ഉണ്ടായിവരിക എന്നത് അതിന്റെ താൽപര്യമാണ്. ഒരു പ്രസ്ഥാനം എന്നെന്നും നിലനിൽക്കുമെന്ന് കരുതുന്നത് മൗഢ്യമാണ്. പ്രസ്ഥാനം നിലനിന്നു കാണാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ അഭിമുഖീകരിച്ചേ തീരൂ. അതിനെ അഭിമുഖീകരിക്കുന്നില്ലെങ്കിൽ മറ്റാരെങ്കിലും അത് ചെയ്യുകയും ആളുകൾ അങ്ങോട്ട് തിരിയുകയും ചെയ്യും. എഴുപത് വർഷം മുമ്പത്തെ പല പ്രശ്നങ്ങളും ഇന്നില്ലെന്ന കാര്യം വ്യക്തമാണ്. ഇന്നത്തെ പ്രശ്നം മറ്റു ചിലതാണ്. അതിനാൽ പഴയ രീതിയിൽ പ്രവർത്തനം തുടർന്നാൽ അതിനൊരു സ്വാധീനവും ഉണ്ടാക്കാനാവില്ല.

■ **പ്രസ്ഥാനത്തിന്റെ ചെലവിൽ സംഘടനയെ പ്രചരിപ്പിക്കുന്നത് ശരിയാണോ?**

സംഘടനയെ പോലെ പ്രസ്ഥാനവും നിങ്ങളുണ്ടാക്കിയതാണ്. അതിലൂടെ ആളുകൾ വന്നു ചേർന്നപ്പോൾ സംഘടനയും അനിവാര്യമായി.ഇസ്‌ലാമിന്റെ തുടക്കവും ഇങ്ങനെയൊക്കെ തന്നെയായിരുന്നു. പ്രവാചകൻ കുറച്ചാളുകളുമായി മദീനയിലേക്ക് പോയി. മദീനയിലെ ജനത നൂറ് ശതമാനവും മുസ്‌ലിംകളല്ലാതിരുന്നിട്ടും അവർ തങ്ങളുടെ നേതൃത്വം അദ്ദേഹത്തെ ഏൽപിക്കുകയായിരുന്നു. അതോടെ ഭരണമില്ലാതെ നടപ്പിലാക്കാൻ കഴിയാതിരുന്ന പലതും നടപ്പിലാക്കാൻ ആരംഭിച്ചു. അതിനു കീഴിൽ അദ്ദേഹം ഒരു സമൂഹത്തെ കെട്ടിപ്പടുക്കുകയും ചെയ്തു. പ്രസ്ഥാനത്തെ കുറിച്ച നമ്മുടെ സങ്കൽപവും ഇതു തന്നെയാണ്. നമ്മുടെ പ്രസ്ഥാനം ഇപ്പോഴും സംഘാടനത്തിന്റെ ഘട്ടത്തിലാണ്. ഭരണപരമായ ഇടപെടലുകൾ നടത്താൻ നമുക്കിപ്പോഴും അവസരം ലഭിച്ചിട്ടില്ല. ആശയപ്രചാരണവും ധാർമിക സംസ്കരണവുമാണ് നാമിപ്പോഴും നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

■ **ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്രത്തിലും ധനതത്ത്വ ശാസ്ത്രത്തിലും താങ്കൾ നടത്തിയ പ്രവർത്തനം വളരെ മഹത്തരമാണ്. ഭാവിയിലും അത് പ്രയോജനം ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ കമ്യൂണിസവും മുതലാളിത്തവും നിലനിന്ന കാലത്തായിരുന്നു താങ്കളുടെ പഠനങ്ങളെല്ലാം. പക്ഷേ ഇപ്പോൾ മുതലാളിത്തം മാത്രമേ നിലനിൽക്കുന്നുള്ളൂ. അതിനാൽ മാറിയ സാഹചര്യത്തിൽ അവയെ നിങ്ങൾ എങ്ങനെ നോക്കി കാണുന്നു?**

'പുതിയ വിദ്യാഭ്യാസ പദ്ധതി' എന്ന ലേഖനത്തിൽ മൗദൂദി ഒരു സങ്കൽപം അവതരിപ്പിക്കുന്നുണ്ട്. അതിന്റെ രത്നച്ചുരുക്കം ഇങ്ങനെയാണ്: ചിന്തയിലും വീക്ഷണങ്ങളിലും മാറ്റങ്ങളുണ്ടാകാതെ ജീവിതത്തിൽ വിപ്ലവമുണ്ടാവുകയില്ല. സാമ്പത്തിക ശാസ്ത്രം,സാമൂഹികശാസ്ത്രം, രാഷ്ട്രമീമാംസ തുടങ്ങിയ നവീന വിജ്ഞാനീയങ്ങളിൽ അവഗാഹം നേടുകയും അനന്തരം ഈ ജീവിത മണ്ഡലത്തിൽ ഇസ്‌ലാം നൽകുന്ന അധ്യാപനങ്ങൾ എന്തൊക്കെയാണെന്ന് നോക്കി അവ സമൂഹസമക്ഷം അവതരിപ്പിക്കുകയും അതിനെക്കുറിച്ച സാമ്പ്രദായിക രീതിയെ വിമർശനവിധേയമാക്കുകയും ചെയ്യേണ്ടതുണ്ട്. സാനവി ദർസ്ഗാഹിന്റെ അടിസ്ഥാനമിതായിരുന്നു. ചിലർ രാഷ്ട്രമീമാംസ തെരഞ്ഞെടുത്തപ്പോൾ മറ്റു ചിലർ സാമ്പത്തിക ശാസ്ത്രം തെരഞ്ഞെടുത്തു. കൂടെ മത വിദ്യാഭ്യാസം തുടരുകയും ചെയ്തു. അല്ലാമാ ഇഖ്ബാലും പറഞ്ഞിരുന്നു രണ്ട് വ്യവസ്ഥകളും ഉപേക്ഷിച്ച് ഇസ്‌ലാമിലേക്ക് വരണമെന്ന്. എന്നാൽ ഇസ്‌ലാമിക വ്യവസ്ഥ എന്താണ്? ഇത് സ്ഥാപിക്കുന്ന പഠനങ്ങളൊന്നും കാര്യമായി അന്നുണ്ടായിരുന്നില്ല. കമ്യൂണി

സം അബദ്ധമാണ്, മുതലാളിത്തവും അബദ്ധമാണ്, ഇസ്‌ലാം തന്നെയാണ് ജീവിത വ്യവസ്ഥ എന്നെല്ലാം പറയുന്നവർ ധാരാളമുണ്ടായിരുന്നു. പക്ഷേ അതിൽ നിന്ന് മുന്നോട്ടു പോയി, ഇസ്‌ലാം എന്താണെന്ന് വർത്തമാനാവസ്ഥയുടെ വെളിച്ചത്തിൽ നോക്കിക്കാണാനുള്ള എളിയ പരിശ്രമം ഏറ്റെടുക്കുകയായിരുന്നു ഞങ്ങളെ പോലുള്ളവർ. നിങ്ങൾ എന്റെ ഗ്രന്ഥങ്ങൾ പരിശോധിക്കുകയാണെങ്കിൽ അവയിൽ വിമർശനം അഞ്ച് ശതമാനത്തിൽ അധികമില്ലെന്ന് നിങ്ങൾക്ക് ബോധ്യപ്പെടും. കാരണം അതല്ലായിരുന്നു ഞാൻ ഏറ്റെടുത്ത ദൗത്യം. മറിച്ച് ഇസ്‌ലാമിക വ്യവസ്ഥയെ പരിചയപ്പെടുത്തുകയായിരുന്നു എന്റെ ദൗത്യം. മുതലാളിത്തത്തെയോ കമ്യൂണിസത്തെയോ വിമർശിക്കുകയാണെന്ന രീതിയിൽ ഞാനൊരിക്കലും എന്റെ പഠനങ്ങളെ കണ്ടിട്ടില്ല. ഈ രംഗത്തെ എന്റെ ആദ്യ പ്രവർത്തനം *ഇസ്‌ലാം കീ നള്‌രിയെ മിൽക്കിയത്ത്* എന്ന ഗ്രന്ഥമാണ്. മുതലാളിത്ത വ്യവസ്ഥയെയും ആഗോളവൽക്കരണത്തെയും ഞാനതിൽ ഫോക്കസ് ചെയ്തില്ല എന്ന താങ്കളുടെ അഭിപ്രായം ഒരു പരിധിവരെ ശരിയാണ്. എന്നാൽ കമ്യൂണിസത്തിന്റേയോ സോഷ്യലിസത്തിന്റേയോ വിത്തടക്കം നശിച്ചു പോയി എന്ന് കരുതുന്നതും ശരിയല്ല. കമ്യൂണിസ്റ്റ് ചൈനയുണ്ട്. ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടികളുണ്ട്. ചില സംസ്ഥാനങ്ങളിലെങ്കിലും അവർ ഭരണത്തിലുമാണ്. ഇന്ന് നാം കാണുന്നത് ഭക്ഷ്യവസ്തുക്കളുടെ വില ക്രമാതീതമായി വർധിച്ചുകൊണ്ടിരിക്കുന്നതാണ്. സാമ്പത്തിക പ്രതിസന്ധിയും കുറയുന്ന മട്ടില്ല. അതിനെ എങ്ങനെ നിയന്ത്രിക്കുമെന്ന പരിഭ്രാന്തിയിലാണ് ലോകം. മനുഷ്യർക്ക് പ്രയോജനമുള്ളതെന്തും വിപണിയിലിറങ്ങിക്കൊണ്ടിരിക്കും. മുതലാളിത്ത വ്യവസ്ഥയുടെ വിജയ രഹസ്യവും അതാണ്. കമ്യൂണിസം അതിനെ അവഗണിക്കുകയോ സാധാരണ കാര്യമായി മനസ്സിലാക്കുകയോ ചെയ്തതാണ് അതിന് പറ്റിയ വീഴ്ച. മുതലാളിത്തമാകട്ടെ അതിനെ പരമാവധി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾ എന്തു ചെയ്യുന്നുവോ അതിന്റെ ഫലം നിങ്ങൾക്കാണെന്ന് പറഞ്ഞ് മുതലാളിത്തം ആളുകൾക്ക് എന്തിനും സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. ഞങ്ങൾ നിങ്ങളിൽ നിന്ന് ഈടാക്കുന്ന നികുതിയും നിങ്ങൾക്ക് വേണ്ടി തന്നെ ചെലവഴിക്കുമെന്നും അത് ആളുകളോട് പറയുന്നു. ഈ രീതിയിൽ അധ്വാനിച്ച് ആളുകൾ ലോകത്തെ എവിടം മുതൽ എവിടം വരെയെത്തിച്ചു?! ലോക യുദ്ധത്തിന് ശേഷം എത്രമാത്രം സമ്പത്താണോ ഉൽപാദിപ്പിച്ചത് അത്രത്തോളം ലോകത്തിന്റെ ചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല. പക്ഷേ അതിന്റെ ഏറ്റവും വലിയ ദോഷം, അപകടകരമായ വിധത്തിൽ അസമത്വം വർധിച്ചുവെന്നതാണ്. അമേരിക്കയിൽ തന്നെ ഒരു നഗരത്തിന്റെ ഒരു ഭാഗത്തെ അപേക്ഷിച്ച് മറ്റൊരു ഭാഗം, അമേരിക്കയിൽ നിന്ന് ആഫ്രിക്ക എത്ര മാത്രം പിറകിലാണോ അത്ര പിറകിലാണ്. ഇത്തരത്തിൽ അസമത്വം വർധിച്ചുവരുന്നത് അവർക്ക് തന്നെ വിനയായി മാറുകയാണ്. അതിന് ഒരു പരിഹാരവും അവരുടെ കൈവശമില്ല. സാമ്പത്തിക സന്തുലിതത്വം പുനസ്ഥാപിക്കുകയാണ് ഏക പരിഹാരം. അവർ അതിനൊരുക്കവുമല്ല. മറുഭാഗത്ത് കഴിഞ്ഞ നൂറ്റാണ്ടുകളിലൊന്നും വെളിപ്പെടാതിരുന്ന പലതരം രോഗങ്ങൾ പുതുതായി ഉണ്ടായിവരുന്നു. പുതുതായി രംഗത്തു വന്ന ആഡംബര വസ്തുക്കളിൽ പലതും വമ്പിച്ച അപകടമുണ്ടാക്കുന്നതാണ്. പരിസ്ഥിതി മലിനമായി. കാലാവസ്ഥാ വ്യതിയാനത്തെ കുറിച്ച അപകടകരമായ സൂചനകളും വന്നുകഴിഞ്ഞു. ഇവയെല്ലാം ബന്ധപ്പെട്ടിരിക്കുന്നത് നമ്മുടെ ജീവിതരീതിയുമായാണ്. നാം വാഹനങ്ങൾ ചുരുക്കണമെന്നും വൈദ്യുതിയുടെ ഉപയോഗം കുറക്കണമെന്നും ഈ സാഹചര്യം താൽപര്യപ്പെടുന്നുണ്ട്. മനുഷ്യനെ അതിന് എങ്ങനെ സജ്ജമാക്കുമെന്നതാണ് നമ്മുടെ മുമ്പിൽ ഉയർന്നു വരുന്ന പ്രശ്നം. ലാത്തി കൊണ്ട് സജ്ജമാക്കുകയെന്നതാണ് ഒരു രീതി. കമ്യൂണിസത്തിന്റേതായിരുന്നു ആ രീതി. അത് സ്വീകരിക്കാൻ സമൂഹത്തിന് ഒട്ടേറെ പ്രയാസങ്ങളും പരിമിതികളുമുണ്ട്. പിന്നെ അതെങ്ങനെ സാധ്യമാകും? വളരെ വലിയ ചോദ്യമാണിത്. ഇസ്‌ലാമിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ വല്ല മാർഗനിർദേശവുമുണ്ടോ? നാം പറഞ്ഞുകൊണ്ടിരിക്കുന്നത് ഇതാണ്. തൗഹീദ് അടിത്തറയാക്കുന്നതിന്റെ ഒരു ഫലം, ഓരോ മനുഷ്യനും ഇതര മനുഷ്യരുമായി ദൈവം വഴി ബന്ധപ്പെട്ടിരിക്കുന്നുവെന്നതാണ്. പരിസ്ഥിതി അല്ലാഹുവിന്റെ ദാനമാണെന്ന് ഖുർആൻ പറയുന്നു. അവനാണ് നമ്മെ നിയോഗിച്ചത്. ഭൂമിയിൽ നമുക്കായി ജീവിത വിഭവങ്ങളൊരുക്കിയതും അവനാണ്. മറ്റൊരു കാര്യം ഖുർആൻ പറയുന്നത് നമുക്ക് നൽകപ്പെട്ടത് മുഴുവൻ അല്ലാഹുവിന്റെ അമാനത്താണെന്നാണ്. എല്ലാവർക്കുമാണ് അത് നൽകപ്പെട്ടിരിക്കുന്നത്. നൽകിയതിനെ കുറിച്ച് ചോദ്യം ചെയ്യപ്പെടുകയും ചെയ്യും. അവയിൽ നിങ്ങളെ സംബന്ധിച്ചേടത്തോളം പരീക്ഷണവുമുണ്ട്. ഈ ഒരു ഫ്രെയിം വർക്കിലാണ് ഖുർആനിലെ അധ്യാപനങ്ങളെല്ലാം. ഇവിടെ മൂന്ന് അടിസ്ഥാനങ്ങളാണുള്ളത്. അവ പരസ്പര പൂരകവുമാണ്. ഒന്ന് ചിന്താപരമായ ഫ്രെയിം വർക്ക്. മറ്റൊന്ന് ധാർമിക നിർദേശങ്ങളാണ്. മൂന്നാമത്തേത് നിയമങ്ങളും. അതായത് ധാർമിക താൽപര്യങ്ങളാണ് ആദ്യം വ്യക്തമാക്കപ്പെടുന്നത്. പിന്നീട് സകാത്ത് പോലെ ഒരു കാര്യം നിർബന്ധമാണെന്ന് വ്യക്തമാക്കപ്പെടുന്നു. എന്നിട്ടും വല്ല കുറവും അവശേഷിക്കുന്നുണ്ടെങ്കിൽ രാഷ്ട്രം നിയമവും ആവിഷ്കരിക്കുന്നു. ഇതിലെ ക്രമം വളരെ പ്രധാനമാണ്. ഇസ്‌ലാമിക ഭരണം നിയമം കൊണ്ട് മാത്രം നടത്തപ്പെടുന്നത് ഒട്ടും ഭൂഷണമല്ല. എന്തുകൊണ്ടെന്നാൽ അടിസ്ഥാനം ആദർശവും ധാർമികതയുമാണ്. അടിത്തറ ആത്മീയതയിലല്ലെങ്കിൽ ധാർമികതക്കും നിലനിൽപില്ല. ഇസ്‌ലാമിക വ്യവസ്ഥയുടെ ഇത്തരം സവിശേഷതകൾ സമകാലിക അവസ്ഥയിൽ നാം കൂടുതലായി വിശദീകരിക്കണം.

**പ്രസ്ഥാനത്തിന് പുതിയ കാലത്തിനും സാഹചര്യത്തിനും അനുയോജ്യമായ പുതിയ മുൻഗണനകൾ ഉണ്ടാകണം. ആ മുൻഗണനയിൽ മുസ്‌ലിംകൾ എന്നതിനു പകരം മുഴുവൻ മനുഷ്യരെയുമാണ് മുമ്പിൽ വെക്കേണ്ടത്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, തൊഴിലില്ലായ്മയുടെ നിർമാർജനം തുടങ്ങിയവക്ക് നമ്മുടെ മുൻഗണനകളിൽ ഒന്നാം സ്ഥാനം ലഭിക്കണം. എന്തുകൊണ്ടെന്നാൽ അവ കൂടാതെ മനുഷ്യരുടെ നിലനിൽപ് അസാധ്യമാണ്.**

**■ താങ്കൾ കമ്യൂണിസത്തെയോ മുതലാളിത്തത്തെയോ വിമർശിക്കുന്നില്ലെന്നത് ശരി തന്നെ. എന്നാൽ നാം ഒരു കാര്യം വ്യക്തമാക്കുകയോ പ്രാവർത്തികമാക്കുകയോ ചെയ്യുമ്പോൾ അത് രണ്ടിന്റെയും സ്വാധീനമില്ലാതെ എങ്ങനെ സാധ്യമാകും എന്ന പ്രശ്നമുണ്ടല്ലോ?**

ഇസ്‌ലാമിക സാമ്പത്തിക ശാസ്ത്ര

വുമായി ബന്ധപ്പെട്ട നമ്മുടെ പ്രശ്നം അതുമായി ബന്ധപ്പെട്ടവരുടെ വൃത്തം വളരെ ചെറുതാണെന്നുള്ളതാണ്. ലോകം വളരെ കുറച്ചു മാത്രമേ അതിനെ കുറിച്ച് മനസ്സിലാക്കിയിട്ടുള്ളൂ. ലോകത്തിന്റെ മുമ്പിൽ അത് വേണ്ടവിധം അവതരിപ്പിക്കാൻ നമ്മുടെ കൈവശം തീരെ കുറച്ച് പേർ മാത്രമേയുള്ളൂ. ഏതാനും ചിലരുടെ വൈയക്തിക പ്രവർത്തനം കൊണ്ടു മാത്രം അത് സാധ്യമല്ല. അതിന് സ്ഥാപനങ്ങൾ തന്നെ ആവശ്യമാണ്. ചില മുസ്‌ലിം രാജ്യങ്ങളിൽ ചില പ്രവർത്തനങ്ങളൊക്കെ നടന്നുവരുന്നുണ്ട്. പക്ഷേ പ്രസ്താവ്യമായ ഫലമൊന്നും അതിനുണ്ടാകുന്നില്ല, നമുക്ക് എളുപ്പത്തിൽ നേരിടാനാകാത്ത ഒരു വെല്ലുവിളി തന്നെയാണിത്. മാർഗത്തിൽ പരിശ്രമിക്കാനേ നമുക്ക് കഴിയൂ. ആളുകൾ അതിനായി മുന്നിട്ടിറങ്ങുകയും സ്ഥാപനങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്. പിന്നെ ഈ പ്രവർത്തനം ലോകം മുതലാളിത്തത്തെ ഉപേക്ഷിച്ച് ഇസ്‌ലാമിലേക്ക് വരുന്നതിനല്ല, മറിച്ച് ഇസ്‌ലാമിക മൂല്യങ്ങൾ വഴി മുതലാളിത്തത്തെ മാനവികവൽക്കരിക്കുന്നതിനാണ്.

**■ സാമ്പത്തിക പ്രശ്നങ്ങൾക്ക് പുറമെ മറ്റ് പ്രശ്നങ്ങളിലും താൽപര്യമെടുത്തിട്ടുള്ള സാമ്പത്തിക വിദഗ്ധനാണല്ലോ താങ്കൾ?**

സാമ്പത്തിക പ്രശ്നങ്ങളിൽ താൽപര്യമെടുക്കാൻ എനിക്ക് പ്രചോദനം ഇസ്‌ലാമിക പ്രസ്ഥാനമായിരുന്നു. അതിനാൽ സ്വാഭാവികമായും എന്നെ സംബന്ധിച്ചേടത്തോളം ഇസ്‌ലാമിക പ്രസ്ഥാനം തന്നെ എപ്പോഴും ഒരു താൽപര്യമുള്ള വിഷയമാണ്. വലിയ തെറ്റിദ്ധാരണകൾക്കിടയാക്കിയ എന്റെ ചില ലേഖനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകും. അതിന്റെയൊക്കെ യഥാർഥ പ്രചോദനം ജമാഅത്തെ ഇസ്‌ലാമിയാണ്. ആ പ്രശ്നങ്ങളെ കുറിച്ച് ചിന്തിക്കാനും പഠിക്കാനും എനിക്കവസരമൊരുക്കിയത് പ്രസ്ഥാനമാണ്.

**■ 16 വർഷം താങ്കൾ ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്ര ശൂറയിൽ അംഗമായിരുന്നു. ആ കാലഘട്ടം നിങ്ങളെ സംബന്ധിച്ചേടത്തോളം വളരെ പ്രധാനമാണ്. അക്കാലത്ത് പൊതുവെയുള്ള ധാരണ, താങ്കളടക്കമുള്ള ഏതാനും പേർ ജമാഅത്തിലെ വളരെ പ്രധാനപ്പെട്ട ആളുകളാണെന്നാണ്. അതിനാൽ ആളുകൾ നിങ്ങളെ നന്നായി ശ്രദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ വൈജ്ഞാനികവും ചിന്താപരവുമായ പ്രവർത്തനങ്ങൾ കാരണം പിന്നീട് സംഘടനയിൽ താങ്കളുടെ ശ്രദ്ധ കുറഞ്ഞതായിട്ടാണ് തോന്നുന്നത്. സംഘടനയിൽ കൂടുതൽ സജീവമായിരുന്നുവെങ്കിൽ കുറെകൂടി പ്രധാനപ്പെട്ട റോൾ നിർവഹിക്കാനാകുമായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നുണ്ടോ?**

ഇത്തരം തീരുമാനങ്ങളെ ഒരു പരിധി വരെ നിർണയിക്കുന്നത് വ്യക്തിപരമായ സാഹചര്യങ്ങളും അഭിരുചികളുമാണ്. ഈ അടിസ്ഥാനത്തിൽ നോക്കിയാൽ ഞങ്ങളുടെ പഠന ഗ്രൂപ്പിൽ പെട്ട അബ്ദുൽഹഖ് അൻസാരി ഒരു തവണ അമീറായിരുന്നിട്ടുണ്ട്. ഡോ. ഫസ്‌ലുർറഹ്മാൻ ഫരീദി ഇപ്പോഴും ശൂറാ അംഗമാണ്. ഞാനാകട്ടെ അധികവും രാജ്യത്തിന് വെളിയിലായിരുന്നിട്ടും ജമാഅത്തുമായി അടുത്ത ബന്ധം നിലനിർത്തുകയും എന്നെ ഏൽപിച്ച ഉത്തരവാദിത്വങ്ങൾ നിർവഹിക്കുകയും ചെയ്യുന്നു. അമീറോ ഖയ്യിമോ ആയാൽ മാത്രമേ സംഘടനയെ സേവിക്കാനാവൂ എന്ന് കരുതുന്നത് ശരിയല്ല. എതെങ്കിലുമൊരാൾ അമീറാകുന്നതും ആകാതിരിക്കുന്നതുമൊന്നും ജമാഅത്തിൽ വളരെ വലിയ വ്യത്യാസമൊന്നും ഉണ്ടാക്കുകയില്ല. ഇക്കാര്യത്തിൽ നിങ്ങൾ അബ്ദുൽ ഹഖ് അൻസാരിയോട് പോയി ചോദിച്ച് നോക്കൂ. അദ്ദേഹത്തിന്റെ സങ്കൽപങ്ങളൊക്കെ നാലു വർഷം കൊണ്ട് എത്രത്തോളം പൂർത്തീകരിക്കാനായെന്ന്.എന്റെ അഭിപ്രായത്തിൽ പ്രശ്നം, നിങ്ങൾ ഒരു സംഘടനയുണ്ടാക്കുകയും അതിന്റെ നേതാവാകുകയും ചെയ്യുകയെന്നതല്ല. മറിച്ച് യഥാർഥ പ്രശ്നം ആളുകളുടെ ചിന്തയിലും സമീപനങ്ങളിലും മാറ്റങ്ങളുണ്ടാക്കുക എന്നതാണ്.

ചിന്താപരമായ ഒരു മാറ്റം അനിവാര്യമാണെന്നും അതിന് വ്യത്യസ്ത വിജ്ഞാനീയങ്ങളിൽ അവഗാഹമുള്ളവർ വേണമെന്നുമുള്ള കാര്യത്തിലേക്കാണ് മൗദൂദി ഞങ്ങളുടെയൊക്കെ ശ്രദ്ധ തിരിച്ചത്.

**■ ജമാഅത്തിന്റെ മുൻഗണനാ ക്രമങ്ങളുടെ മാറ്റത്തെ കുറിച്ച് താങ്കൾ എഴുതിയിട്ടുണ്ട്. അതിന്റെ ഉന്നം മറ്റ് ചിലതാണെന്ന് തോന്നുന്നു. എന്നാൽ ഇതുവരെയുള്ള എല്ലാ അമീറുമാരും തങ്ങളുടെതായ മുൻഗണനകളുണ്ടാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെന്നാണ്. അതിനെ കുറിച്ച് എന്താണ് താങ്കളുടെ അഭിപ്രായം?**

ഇതുവരെയുള്ള അമീറുമാർ യഥാർഥത്തിൽ ചെയ്തത് മുമ്പേ തീരുമാനിക്കപ്പെട്ട മുൻഗണനകളെ മുമ്പോട്ടും പിറകോട്ടും മാറ്റുക മാത്രമാണ്. ഉദാഹരണത്തിന്, ധൈഷണികമായ പ്രവർത്തനം ഊർജിതമായി തുടരണം, പൊതുജനങ്ങളുമായി ബന്ധം ശക്തിപ്പെടുത്തണം, തർബിയത്തിനും ദഅ്‌വത്തിനും ഊന്നൽ നൽകണം തുടങ്ങിയവ. ഇതെല്ലാം നേരത്തെ തീരുമാനിക്കപ്പെട്ടത് തന്നെയാണ്. ഒരു അമീറിന്റെ കാലത്ത് ഇത്തരം നാലോ അഞ്ചോ പ്രശ്നങ്ങളിൽ ഏതെങ്കിലും ഒന്നിന് ഊന്നൽ നൽകുമ്പോൾ മറ്റൊരു അമീറിന്റെ കാലത്ത് വേറൊരു പ്രശ്നത്തിന് ഊന്നൽ നൽകുന്നു എന്നു മാത്രം. എന്നാൽ ഞാൻ ഉന്നയിക്കുന്ന പ്രശ്നം, ഇപ്പോഴത്തെ മുൻഗണനകളിൽ നിന്നു തന്നെ നാം പുറത്തു കടക്കണമെന്നാണ്. പുതിയ കാലത്തിന്റെ മുൻഗണനകൾ മറ്റൊന്നായിരിക്കെ നാം ഇപ്പോഴും നമ്മുടെ പഴയ മുൻഗണനകളിൽ അള്ളിപിടിച്ചിരിക്കുന്നത് ശരിയാണോ എന്ന് ചിന്തിക്കാൻ സമയം വളരെ വൈകിയിരിക്കുന്നു എന്നാണ് ഞാൻ പ്രധാനമായും ഉന്നയിച്ചിട്ടുള്ള വിമർശം. നമ്മുടെ ഇപ്പോഴത്തെ ചട്ടക്കൂട് അമ്പതോ അറുപതോ വർഷങ്ങൾക്ക് മുമ്പ് രൂപപ്പെടുത്തിയതാണ്. ഇനിയെങ്കിലും നാമത് ഉപേക്ഷിക്കണം. പുതിയൊരു ചട്ടക്കൂടാണിപ്പോൾ ആവശ്യമായിട്ടുള്ളത്. പ്രസ്ഥാനത്തിന് പുതിയ കാലത്തിനും സാഹചര്യത്തിനും അനുയോജ്യമായ പുതിയ മുൻഗണനകളും ഉണ്ടാകണം. ആ മുൻഗണനയിൽ മുസ്‌ലിംകൾ എന്നതിനു പകരം മുഴുവൻ മനുഷ്യരെയുമാണ് മുമ്പിൽ വെക്കേണ്ടത്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, തൊഴിലില്ലായ്മയുടെ നിർമാർജനം തുടങ്ങിയവക്ക് നമ്മുടെ മുൻഗണനകളിൽ ഒന്നാം സ്ഥാനം ലഭിക്കണം. എന്തുകൊണ്ടെന്നാൽ അവ കൂടാതെ മനുഷ്യരുടെ നിലനിൽപ് അസാധ്യമാണ്. അടിസ്ഥാന മാനവിക മൂല്യങ്ങളെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പരിപാടികൾക്കാണ് മുൻഗണനകളിൽ രണ്ടാം സ്ഥാനം നൽകേണ്ടത്. പിന്നീട് ധാർമികതയുടെ പ്രശ്നത്തിലേക്ക് വരുമ്പോൾ മാത്രം മുൻഗണനകളിൽ സ്ഥാനം പിടിക്കേണ്ടവയാണ് പ്രബോധനം, തർബിയത്ത് തുടങ്ങിയവ. തർബിയത്തിന്റെ ഭാഗമായി ആധുനിക ഭരണ സംവിധാനം, തെരഞ്ഞെടുപ്പ് രീതി എന്നിവ മുതൽ ബാങ്ക്, സ്റ്റോക്ക് മാർക്കറ്റ് വരെയുള്ള എല്ലാ പ്രശ്നങ്ങളും നന്നായി പഠിക്കുകയും അത് ചർച്ചയാക്കുകയും

ചെയ്യണം. സാമ്പത്തിക വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ പലിശ മുക്തമായ സാമ്പത്തിക ക്രമം ഉയർത്തിക്കൊണ്ടുവരുന്നതിലായിരിക്കണം നമ്മുടെ ഊന്നൽ. പലിശയിൽ ഊട്ടപ്പെട്ട നിലവിലുള്ള സാമൂഹിക ഘടനയിൽ ഇത് വളരെ ഭാരിച്ച പണിയാണെന്നറിയാം. എങ്കിലും ഈ രംഗത്ത് എന്തെങ്കിലും ചെയ്തേ പറ്റൂ.

**■ ഇവിടെ ബാബരി മസ്ജിദ് പോലുള്ള പ്രശ്നങ്ങൾ ഉയർന്നുവരുന്നു. സംവരണ പ്രശ്നവും ഉയരുന്നു. സച്ചാർ റിപ്പോർട്ടും നമ്മുടെ മുമ്പിലുണ്ട്. ഇത്തരം പ്രശ്നങ്ങളിലേക്ക് നാം തിരിയുന്നതോടെ സ്വാഭാവികമായും താങ്കൾ സൂചിപ്പിച്ച അടിസ്ഥാന പ്രശ്നങ്ങളിൽ നമുക്ക് കൂടുതൽ ശ്രദ്ധിക്കാൻ കഴിയാതെ വരികയാണ്. സാമുദായിക പ്രശ്നങ്ങളെ നാം അവഗണിക്കണമെന്നാണോ?**

ഒന്നിനെയും അവഗണിക്കണമെന്ന് പറയുകയല്ല. നിങ്ങൾ സച്ചാർ കമ്മിറ്റിയിലേക്ക് ശ്രദ്ധ തിരിക്കുക എന്നു പറഞ്ഞാൽ ദഅ്‌വത്തും തർബിയത്തും മറന്നു കളയണം എന്ന് അതിനർഥമുണ്ടോ? കൂടുതൽ വിഷയങ്ങൾ ഏറ്റെടുക്കുമ്പോൾ ആളുകളെയും കൂടുതൽ ലഭിക്കുമല്ലോ.

**■ മൗലാനാ മൗദൂദിയുടെ മദ്രാസ് പ്രഭാഷണത്തിലെ നാലിന പരിപാടി എത്രത്തോളം നടപ്പിലാക്കി? ഇന്നും അതിന് പ്രസക്തിയുണ്ടോ?**

ഇന്നതിനെ നാം ഒരിക്കലും മാർഗനിർദേശമാക്കിക്കൂടാ എന്നാണ് എന്റെ അഭിപ്രായം. ആ കർമ പരിപാടിയനുസരിച്ച് നാം വിവിധ ഭാഷകളിൽ സാഹിത്യങ്ങൾ തയാറാക്കിയിട്ടുണ്ട് എന്നതൊക്കെ ശരി തന്നെ. എന്നാൽ ഓർക്കേണ്ട കാര്യം, അവയിൽ മുസ്‌ലിംകളല്ലാത്തവർക്ക് പ്രയോജനപ്പെടുന്നത് വളരെ കുറച്ചേയുള്ളൂ. എന്നാൽ ആ പരിപാടി കൊണ്ടുണ്ടായ മറ്റൊരു ഫലം നാം രാഷ്ട്രീയത്തിൽ നിന്ന് അകന്നുപോയി എന്നതാണ്. അതിന്റെ ഫലമാകട്ടെ നമ്മുടെ സ്വാധീനശക്തി വല്ലാതെ പരിമിതപ്പെട്ടു പോയിയെന്നതാണ്. രാഷ്ട്രീയത്തിൽ നിന്ന് വിട്ടു നിന്നതിനാൽ ഈ രാജ്യത്തെ സാധാരണ ജനം അവർക്കാവശ്യമുള്ളവരായി നമ്മെ പരിഗണിക്കുകയുണ്ടായില്ല. മുസ്‌ലിം പ്രശ്നങ്ങളുടെ പരിഹാരത്തെ പോലും അത് സ്വാധീനിച്ചു. വിട്ടുനിൽപ്പെല്ലാം തുടക്കത്തിൽ ഉചിതമായിരുന്നിരിക്കാം. പക്ഷേ വളരെ വേഗം നമുക്കതിനെ മറികടക്കാൻ കഴിയേണ്ടതായിരുന്നു. ഇനിയെങ്കിലും ജമാഅത്തെ ഇസ്‌ലാമിയെ രാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിൽക്കാൻ ആരും ഉപദേശിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

**ഇസ്‌ലാമിക ഭരണം നിയമം കൊണ്ട് മാത്രം നടത്തപ്പെടുന്നത് ഒട്ടും ഭൂഷണമല്ല. എന്തുകൊണ്ടെന്നാൽ അടിസ്ഥാനം ആദർശവും ധാർമികതയുമാണ്. അടിത്തറ ആത്മീയതയിലല്ലെങ്കിൽ ധാർമികതക്കും നിലനിൽപില്ല. ഇസ്‌ലാമിക വ്യവസ്ഥയുടെ ഇത്തരം സവിശേഷതകൾ സമകാലിക അവസ്ഥയിൽ നാം കൂടുതലായി വിശദീകരിക്കണം.**

**■ വിഭജന കാലത്തെ സാമുദായിക സംഘർഷം അപകടകരമായി മൗദൂദിക്ക് അനുഭവപ്പെട്ടതുകൊണ്ടാണ് മൗദൂദി അത്തരമൊരുപദേശം നൽകിയത്. എന്നാൽ പിന്നീട് നാം കാണുന്നത് അതിന്റെ രൂപം മാറുന്നതാണ്. അതായത്, ഹിന്ദുത്വം അതിന്റെ സൈദ്ധാന്തിക അടിത്തറ വികസിപ്പിച്ച് മുന്നോട്ടു പോയപ്പോൾ നമുക്കതിനെ തടഞ്ഞു നിർത്താനായില്ല. മൗദൂദിയുടെ നിർദേശം പ്രയോഗവൽക്കരിക്കാത്തത് കൊണ്ടായിരുന്നില്ലേ അത്?**

ഈ രാജ്യത്ത് ഹിന്ദുത്വ ശക്തികളെ എതിർക്കുന്ന ഒരു വിഭാഗമുണ്ടെന്നും നാം അവരുടെ കൂടെ നിന്നില്ലെങ്കിൽ അത് രാജ്യത്തിന് അപകടമായിരിക്കുമെന്നും മുപ്പത് വർഷങ്ങൾക്ക് മുമ്പ് തന്നെ നാം തിരിച്ചറിഞ്ഞിരുന്നു. ഇന്ത്യൻ സെക്യുലരിസത്തെ കുറിച്ച നമ്മുടെ വിശകലനത്തിലും സമീപനത്തിലുമുണ്ടായ മാറ്റങ്ങളെല്ലാം ആ അടിസ്ഥാനത്തിൽ രൂപപെട്ടതാണ്. ഈ രാജ്യത്ത് രണ്ടു തരം ആളുകളുണ്ട്. ശുദ്ധ ഹിന്ദുത്വ ഇന്ത്യയെ കുറിച്ച കാഴ്ച്ചപ്പാട് വെച്ചു പുലർത്തുന്നവരാണ് ഒരു വിഭാഗം. അവർക്ക് മേൽകൈ ലഭിച്ചാൽ നിങ്ങളുടെ നിലനിൽപ് തന്നെ പ്രശ്നത്തിലായിരിക്കും. അതിനാൽ ഈ രാജ്യത്തെ എല്ലാ മത വിഭാഗക്കാർക്കും തുല്യപദവി ലഭിക്കാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ വിഭാഗത്തിന്റെ കൂടെ നിൽക്കാൻ നാം ബാധ്യസ്ഥരാണ്. മൗലാനാ മൗദൂദിയുടെ മുമ്പിൽ ഇങ്ങനെയൊരു പ്രശ്നം ഉണ്ടായിരുന്നില്ല.

**■ താങ്കളുടെ അഭിപ്രായത്തിൽ ഇപ്പോൾ പ്രസ്ഥാനത്തിന് എന്താണ് ആവശ്യമായിട്ടുള്ളത്?**

പ്രസ്ഥാനത്തിന് എപ്പോഴും ദിശാബോധം ആവശ്യമാണ്. നിങ്ങൾ പ്രവർത്തനം തുടങ്ങുമ്പോൾ നിങ്ങളുടെ കൂടെ ധാരാളം ആളുകൾ വരും. ഏതൊരു സാഹചര്യത്തിലാണ് നാം പ്രവർത്തിക്കുന്നത്, പ്രവർത്തനത്തിനിടയിലെ വെല്ലുവിളികളെ എങ്ങനെയാണ് നാം അഭിമുഖീകരിക്കുന്നത്, അതിനെ കുറിച്ചൊക്കെ മറ്റുള്ളവർ എങ്ങനെ ചിന്തിക്കുന്നു തുടങ്ങിയ കാര്യങ്ങൾക്ക് പ്രവർത്തന വിജയത്തിൽ വളരെ പ്രധാന പങ്കുണ്ട്. അവയെ കണക്കിലെടുത്തു കൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ എത്രത്തോളം പ്രവർത്തിക്കുന്നുവോ അത്രയും പുതിയ ആളുകളെ നമുക്ക് ലഭിക്കും. പുസ്തകത്തിൽ എഴുതി വെച്ച കാര്യങ്ങളിൽ മാത്രം ശ്രദ്ധയൂന്നുക എന്നതാണ് നമുക്ക് ശീലമായിട്ടുള്ളത്. ആളുകൾക്ക് അതൊക്കെ മടുത്ത് കഴിഞ്ഞിരിക്കുന്നു. പുതിയ ആളുകൾക്കാകട്ടെ അത്തരം കാര്യങ്ങളിൽ യാതൊരു താൽപര്യവുമില്ല. ഒരു പുതിയ ദിശയിലേക്ക് പോകേണ്ട ആവശ്യകതയെ കുറിച്ചാണ് നാം ഊന്നിയത്. ആളുകൾ അതിനെ വെല്ലുവിളിച്ചപ്പോൾ നാം അതിന് പ്രവർത്തനത്തിലൂടെ മറുപടിയും നൽകി. അതേ രീതിയിലുള്ള പൊള്ളുന്ന സാഹിത്യങ്ങളും നമുക്കുണ്ടായി. അതിൽ ആകൃഷ്ടരായി ആളുകൾ നമ്മോടൊപ്പം വന്നു. ആ കാലം കഴിഞ്ഞതോടെ പുതിയ ആളുകൾ വന്നു പുതിയ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. അതിനെ പഴയ ഉത്തരങ്ങൾ കൊണ്ട് നേരിടാനാവില്ല. അതിനാൽ പുതിയൊരു ദിശ നാം കണ്ടെത്തിയേ തീരൂ. ആർജവത്തോടെ നാമതിന് തയാറായാൽ മാത്രമേ പുതിയ ആളുകളും വിഭവങ്ങളും നമുക്ക് ലഭിക്കുകയുള്ളൂ. ഏതാണ് പുതിയ ദിശ എന്ന് എനിക്ക് വ്യക്തമാക്കാനാവില്ല. മുഴുവൻ മനുഷ്യരുടെയും പ്രശ്നങ്ങളെ നാം അഭിമുഖീകരിക്കണം എന്നു മാത്രം പറയാം. മുസ്‌ലിംകളുടെ ക്ഷേമത്തിനും അഭ്യുന്നതിക്കും വേണ്ടി നാം ഏറ്റെടുക്കുന്ന ഏതൊരു പരിപാടിയും മറ്റുള്ളവരിൽ സംശയം ജനിപ്പിക്കുന്ന തരത്തിലോ അവർക്ക് നഷ്ടമുണ്ടാക്കുന്നതോ ആയിരിക്കരുത്. പ്രത്യേകിച്ച് ഒരു വിഭാഗത്തിന്റെ മേൽ മറ്റൊരു വിഭാഗത്തിന്റെ ഭരണം, ആധിപത്യം തുടങ്ങിയ വർത്തമാനങ്ങൾ ഒരിക്കലും പറയരുത്. എല്ലാ മനുഷ്യരെയും അളക്കാനുള്ള അളവു കോൽ ഒന്നായിരിക്കണം. നാം എല്ലാവരെയും ചേർത്തു

പിടിച്ച് പോകാൻ തയാറാണെന്ന് മറ്റുള്ള വരെ ബോധ്യപ്പെടുത്താൻ നമുക്ക് കഴി യണം.

**■ ലോക തലത്തിൽ പൊതുവിലും നമ്മുടെ രാജ്യത്ത് വിശേഷിച്ചും നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്താണ്?**

ഇസ്‌ലാമിനെ കുറിച്ച ചിത്രം വിക ലമായിത്തീർന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. മാനുഷിക മൂല്യങ്ങളെ പരി രക്ഷിക്കുന്നു, മനുഷ്യ സാഹോദര്യം പ്രച രിപ്പിക്കുന്നു, മുഹമ്മദ് നല്ലൊരു മനുഷ്യ നാണ്, അദ്ദേഹം മഹത്തായ ചില അധ്യാ പനങ്ങൾ ലോകത്തിന് നൽകി, അതിന്റെ പേരിൽ സ്വന്തം ജനതയുടെ ശത്രുത സ മ്പാദിച്ചു എന്നെല്ലാമായിരുന്നു പൊതു വിൽ ഇസ്‌ലാമിനെ കുറിച്ച ചിത്രം. ഇസ് ലാമിന്റെയും പ്രവാചകന്റെയും ഈ ഇ മേജ് വികലമാക്കാൻ ക്രിസ്ത്യൻ മിഷ നറിമാരും ഇസ്‌ലാം ശത്രുക്കളും എത്ര യോ കാലങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കു ന്നുണ്ട്. പക്ഷേ ഇപ്പോൾ രൂപപ്പെട്ടത് പോ ലെയുള്ള അന്തരീക്ഷം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല.ഇന്ന് ആഗോളവൽക്കരണം മൂലം കാര്യം ഒരു സ്ഥലത്ത് നിൽക്കുക യില്ല. ക്ഷണ നേരം കൊണ്ട് എല്ലായിട ത്തും വ്യാപിക്കും. മുമ്പ് ചീത്തയായതാ യാലും നല്ലതായാലും കാര്യം ഒരു സ്ഥ ലത്ത് നിൽക്കുകയും അതിന്റെ സ്വാധീ നം പരിമിതമായ വൃത്തത്തിൽ ഒതുങ്ങു കയും ചെയ്തിരുന്നു. പ്രസ്സോ ഇലക്ട്രോ ണിക്ക് മീഡിയയോ അന്നുണ്ടായിരുന്നി ല്ല. ഇസ്‌ലാമിനെ എത്രത്തോളം ആളുക ളിലേക്ക് എത്തിക്കും എന്നതിനെ കുറിച്ച് നാം സംസാരിച്ചുകൊണ്ടിരിക്കുന്നു. നൂ റ്റാണ്ടുകളിലൂടെ ഉണ്ടായിവന്നിട്ടുള്ള ഒരു ഇമേജ് തകരുന്നതിനെ തടയുക എന്നതു തന്നെ വലിയൊരു വെല്ലുവിളിയായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. മറ്റു അനുബ ന്ധ കാര്യങ്ങളിലേക്ക് നോക്കിയാൽ ഇ പ്പോൾ ലോകം ഒട്ടേറെ പ്രശ്നങ്ങൾ നേരി ടുന്നുണ്ട്. പരിസ്ഥിതി മലിനീകരണത്തി ന്റെ പ്രശ്നമുണ്ട്. മറ്റൊന്ന് സാമ്പത്തിക രംഗത്തെ അസമത്വമാണ്. ഇക്കാര്യ ത്തിൽ ഇസ്‌ലാമിക അധ്യാപനങ്ങൾക്ക് എന്തെങ്കിലും പ്രതിവിധി നിർദേശിക്കാ നാകുമോ എന്ന് അന്വേഷിക്കേണ്ടതുണ്ട്. ലോകതലത്തിൽ നേരിടുന്ന പ്രശ്നങ്ങ ളെല്ലാം ഇന്ത്യയിലുമുണ്ട്. ഇവിടെ രൂക്ഷ മായിട്ടുള്ളത് ഹിന്ദുത്വ ഭീഷണിയാണ്. ഇ സ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഇ മേജ് മോശമാക്കുകയാണ് അവരുടെയും പ്രധാന അജണ്ട. അതിനെയും നമുക്ക് നേരിടേണ്ടതുണ്ട്. അതിനെ കുറിച്ച് വെ റുതെ പറഞ്ഞതുകൊണ്ട് ഒന്നുമാകില്ല. നമ്മുടെ വാക്കും പ്രവൃത്തിയും സമീപ നവും കൂടി നന്നാക്കേണ്ടതുണ്ട്. മുസ്‌ലിം കൾക്ക് ചെയ്യാനാവുന്ന സേവനം ഇക്കാ ര്യത്തിലുണ്ടാവുന്നില്ല എന്നതാണ് ഏറ്റ വും വലിയ പ്രശ്നം. നമ്മുടെ സ്ഥാപന ങ്ങളുടെ ഘടനയിലും സ്വഭാവത്തിലുമെ ല്ലാം ഇക്കാര്യം പരിഗണിച്ചുകൊണ്ടുള്ള വലിയ മാറ്റങ്ങളുണ്ടാകണം.

**■ താങ്കൾ സൂചിപ്പിച്ച കാര്യങ്ങളെല്ലാം തീർച്ചയായും ചെയ്യേണ്ടതു തന്നെയാ ണ്. എന്നാൽ ഇന്ന് ചിന്തിക്കുന്നവർക്കി ടയിൽ ഇസ്‌ലാം തന്നെ ഒരു ചോദ്യ ചിഹ്നമായി മാറിയിരിക്കുകയാണല്ലോ?**

ഇരുട്ടാണ് എന്ന് പറയുന്നതിന്റെ അർഥം എവിടെയും ഒരു വിളക്കും ക ത്തുന്നില്ല എന്നല്ല.നേരത്തേതിലും കൂടു തൽ പരിശ്രമങ്ങൾ ഇപ്പോൾ നടന്നു വരു ന്നുണ്ട്. അതിന്റെ ഫലവും കാണുന്നുണ്ട്. ഞാൻ പറഞ്ഞുവരുന്നത്, ഇന്ത്യയിൽ പ ക്ഷപാതിത്വം വർധിച്ചുവരുന്നുണ്ടെന്നാ ണ്. ദുഃഖമുള്ളത് നമ്മുടെ കൈവശം വി ഭവങ്ങൾ ഉണ്ടായിട്ടും നാമതിനെ ഫലപ്ര ദമായി ഉപയോഗിക്കുന്നില്ല എന്നതിലാ ണ്. അമ്പത് വർഷങ്ങളായി നാം മീഡി യയെ കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. പക്ഷേ മീഡിയയിൽ സ്വന്തം ഇടം ഉറപ്പി ക്കാനുള്ള യാതൊരു ഇടപെടലുകളും എ വിടെയും കാര്യമായി ഇല്ല. സംസാരം ഒരു പാട് കഴിഞ്ഞ് പോയി. ഇമേജ് രൂപപ്പെടു ത്തുന്നതിൽ മീഡിയയുടെ പങ്ക് തിരിച്ച റിഞ്ഞിരുന്നുവെങ്കിൽ ഇതിനകം തന്നെ നാം കൂടുതൽ അക്കാര്യത്തിൽ ജാഗ്രത പുലർത്തുമായിരുന്നു. മറ്റു പല രംഗങ്ങ ളിലും അവസ്ഥ ഇതു തന്നെയാണ്. ■

**വിവർത്തനം: അബൂ അഫ്നാൻ**